# O.S.S.A.E.

## വാർഷിക പരീക്ഷ 2018

Class IX | 02-12-2018, Sunday 11 AM to 1 PM | Marks 50

**പേരെഴുതുക (1–5)** 5

1. പാശ്ചാത്യം, പൗരസ്ത്യം എന്നിങ്ങനെ സഭ രണ്ടായി പിരിഞ്ഞത് എന്ന്?
2. 'അപ്പോസ്തോലിക സഭ' എന്നു പറഞ്ഞാൽ എന്താണ് അർത്ഥം?
3. കേരളത്തിൽ നിലനിന്നിരുന്ന ക്രിസ്തീയ രാജവംശം.
4. എത്ര പുസ്തകങ്ങളാണ് ചെറിയ പ്രവാചകന്മാരുടെ ഗണത്തിൽ ഉൾപ്പെടുന്നത്?
5. മലബാർ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക (6–10)** 5

6. അപ്പോളിനാറിയസ്സിന്റെ ഉപദേശം വേദവിപരീതമാണെന്നു നിശ്ചയിച്ച സുന്നഹദോസ്.
   (നിഖ്യ, എഫേസൂസ്, കുസ്തന്തീനോപ്പോലീസ്)
7. എഫേസൂസ് സുന്നഹദോസിന്റെ അധ്യക്ഷൻ.
   (അലക്സാന്ത്രിയായിലെ മാർ ദീയസ്കോറോസ്, അലക്സാന്ത്രിയായിലെ മാർ തീമോത്തിയോസ്, അലക്സാന്ത്രിയായിലെ മാർ കൂറീലോസ്)
8. 'യെശയ്യാവ്' എന്ന പദത്തിന്റെ അർത്ഥം.
   (യഹോവ എന്റെ ജയം, യഹോവ എന്റെ രക്ഷ, യഹോവ എന്റെ നീതി)
9. യിസ്രായേല്യരുടെ പ്രവാസകാലത്ത് ബാബിലോണിലെ ഭരണാധികാരി.
   (ഉസ്സിയാവ്, നെബുഖദ്നേസർ, കോരശ്)
10. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മപ്പെരുന്നാൾ.
    (ജൂൺ 29, ജൂൺ 30, ജൂൺ 16)

**താഴെ പറയുന്നവ ആര്, ആരോട് പറഞ്ഞു എന്ന് എഴുതുക (11–15)** 5

11. "സാരമില്ല, ഈ തുപ്പൽ എനിക്കുള്ളതാണ്, ഇനി അഗതികൾക്കായി എന്തെങ്കിലും തരിക."
12. "അങ്ങ്, ആരാകുന്നു, കർത്താവേ?"
13. "വഹിക്കുവാൻ കഴിയാത്ത നുകം."
14. "സ്ത്രീയേ, നീ കരയുന്നത് എന്ത്?"
15. "സന്തതിയുള്ള കാലംവരെ മാർത്തോമ ക്രിസ്ത്യാനികൾ റോമാവിശ്വാസം സ്വീകരിക്കുകയോ മാർപാപ്പായുടെ അധികാരത്തിനു വിധേയരാകുകയോ ചെയ്യുകയില്ല."

**താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ തെറ്റോ, ശരിയോ എന്നെഴുതുക (16–20)** 5

16. കേരളത്തിൽ ജനിച്ചുവളർന്ന് വിശുദ്ധനായി പരിഗണിക്കപ്പെടുന്ന തികച്ചും വ്യത്യസ്തനായ മെത്രാപ്പോലീത്തയാണ് അൽവാറീസ് മാർ യൂലിയോസ്.
17. നിഖ്യാസുന്നഹദോസിൽ 318 പിതാക്കന്മാർ സംബന്ധിച്ചു.
18. ബാബിലോണിയ പ്രവാസത്തിൽനിന്നു മടങ്ങിപ്പോകുവാൻ യോശിയ രാജാവ് യിസ്രായേൽ മക്കൾക്ക് അനുവാദം നൽകി.
19. "തീനരകത്തിൽനിന്നും ചാകാത്ത പുഴുവിൽനിന്നും കെടാത്ത തീയിൽനിന്നും രക്ഷിച്ചു കൊള്ളേണമേ" എന്ന പ്രാർത്ഥന ന്യായവിധിയെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു.
20. മാർ യാക്കോബ് ബുർദ്ദാനായെ പിൻപറ്റിയവരെ 'യാക്കോബായക്കാർ' എന്ന് കൽക്കദോന്യർ കളിയാക്കി വിളിച്ചിരുന്നു.

**ഏറ്റവും അനുയോജ്യമായ രീതിയിൽ ചേർത്ത് എഴുതുക (21–25)** 5

| | |
|---|---|
| 21. സെപ്റ്റുവജിന്റ് | – സഭാരത്നം |
| 22. കർത്താവിന്റെ കഷ്ടാനുഭവം | – പത്രോസ് മാർ ഒസ്താത്തിയോസ് |
| 23. പരിശുദ്ധ റൂഹായുടെ കിന്നരം | – ടോളമി രണ്ടാമൻ |
| 24. മാവേലിക്കര സെന്റ്പോൾസ് സുവിശേഷാലയം | – യാമപ്രാർത്ഥനകൾ |
| 25. എം.പി. പീറ്റർ | – മാർ അപ്രേം |

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക (26–30)** 5

26. അഭി. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി ബാഹ്യകേരളത്തിൽ സ്ഥാപിച്ച രണ്ട് പ്രസ്ഥാനങ്ങളുടെ പേരുകൾ എഴുതുക.
27. വൈക്കം സത്യാഗ്രഹത്തിൽ പങ്കുചേർന്നു നേതൃത്വം നൽകിയ മലങ്കരസഭയിലെ പിതാവ്.
28. ആരുടെ കാലത്താണ് കുട്ടികളുടെ കുരിശുയുദ്ധം നടന്നത്?
29. രണ്ടാം മിഷനറി യാത്രയിൽ വി. പൗലോസ് ശ്ലീഹായുടെ സഹചാരി?
30. ഒരു മണിക്കൂർ = രണ്ടര നാഴിക, മൂന്നാംമണി = ഏഴര നാഴിക, അങ്ങനെയെങ്കിൽ ഒമ്പതാംമണി നമസ്കാരം നാഴികക്കണക്കിൽ എങ്ങനെ പറയാം?

**ഒന്നോ രണ്ടോ വാചകത്തിൽ ഉത്തരം എഴുതുക (31–35)** 10

31. പുതിയനിയമത്തിൽ പ്രതിപാദിക്കുന്ന സഭയുടെ മൂന്നു വിശേഷണങ്ങൾ എഴുതുക.
32. മൂന്നാം മിഷനറി യാത്രയിൽ ത്രോവാസിൽ വി. പൗലോസ് ശ്ലീഹാ നടത്തിയ ആരാധനയിലൂടെ അപ്പോസ്തോലിക സഭയുടെ ആരാധനയുടെ മൂന്നു കാര്യങ്ങൾ വെളിപ്പെടുന്നു. അവ ഏതൊക്കെയാണ്?
33. എന്തിന്റെ ഓർമ്മയ്ക്കായിരുന്നു യഹൂദന്മാർ പ്രതിഷ്ഠാപ്പെരുന്നാൾ ആചരിച്ചത്?
34. പുതിയനിയമത്തിൽ കാർഷികപശ്ചാത്തലത്തിൽ കർത്താവ് പറഞ്ഞ മൂന്ന് ഉപമകളും പേരും വേദഭാഗവും എഴുതുക.
35. എന്തൊക്കെയാണ് കുടുംബത്തെ നിലനിർത്തുന്ന മൂന്ന് അടിസ്ഥാനപ്രമാണങ്ങൾ?

**താഴെക്കൊടുത്തിരിക്കുന്ന വേദഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (36–39)** 4

"ഉസ്സിയാരാജാവ് മരിച്ച ആണ്ടിൽ കർത്താവു, ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നതു ഞാൻ കണ്ടു; അവന്റെ വസ്ത്രത്തിന്റെ വിളുമ്പുകൾ മന്ദിരത്തെ നിറച്ചിരുന്നു. സാറാഫുകൾ അവന്നു ചുറ്റും നിന്നു; ഓരോരുത്തന്നു ആറാറു ചിറകുണ്ടായിരുന്നു; രണ്ടുകൊണ്ടു അവർ മുഖം മൂടി; രണ്ടുകൊണ്ടു കാൽ മൂടി; രണ്ടുകൊണ്ടു പറന്നു. ഒരുത്തനോടു ഒരുത്തൻ; സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; സർവ്വഭൂമിയും അവന്റെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു എന്നു ആർത്തു പറഞ്ഞു. അവർ ആർക്കുന്ന ശബ്ദത്താൽ ഉമ്മരപ്പടികളുടെ അടിസ്ഥാനങ്ങൾ കുലുങ്ങി ആലയം പുകകൊണ്ടു നിറഞ്ഞു. അപ്പോൾ ഞാൻ: എനിക്കു അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ; ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു; എന്റെ കണ്ണു സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ എന്നു പറഞ്ഞു. അപ്പോൾ സാറാഫുകളിൽ ഒരുത്തൻ യാഗപീഠത്തിൽ നിന്നു കൊടിൽകൊണ്ടു ഒരു തീക്കനൽ എടുത്തു കൈയിൽ പിടിച്ചുകൊണ്ടു എന്റെ അടുക്കൽ പറന്നുവന്നു, അതു എന്റെ വായ്ക്ക തൊടുവിച്ചു: ഇതാ ഇതു നിന്റെ അധരങ്ങളെ തൊട്ടതിനാൽ നിന്റെ അകൃത്യം നീങ്ങി നിന്റെ പാപത്തിനു പരിഹാരം വന്നിരിക്കുന്നു എന്നു പറഞ്ഞു."

36. എത്ര ചിറകുകളാണ് സ്രോപ്പേന്മാർക്കുണ്ടായിരുന്നത്? അവയുടെ ഉപയോഗം എന്തായിരുന്നു?
37. എന്തായിരുന്നു സ്രോപ്പേന്മാരുടെ സ്തുതിപ്പ്?
38. ദർശനത്തോടുള്ള യെശയ്യാപ്രവാചകന്റെ പ്രതികരണം എന്തായിരുന്നു?
39. എപ്രകാരമാണ് യെശയ്യാപ്രവാചകനു പാപപരിഹാരം ലഭിച്ചത്?

**പ്രാർത്ഥന എഴുതുക** 3

40. സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും .......................... ഏകറൂഹായിലും ഞങ്ങൾ വിശ്വസിക്കുന്നു. പാപമോചനത്തിനു മാമോദീസ ................................... നോക്കി പാർക്കുന്നു.

**ഗീതം എഴുതുക** 3

41. നിൻവരവോർത്തു വസിച്ചു മരിച്ചവർ
.....................................................................
.....................................................................
നിൻകൃപയെ സ്തുതി ചെയ്യുന്നു.

✧ ✧ ✧ ✧ ✧

# O.S.S.A.E.
## വാർഷിക പരീക്ഷ 2018
## ഉത്തരസൂചിക

Class IX | Marks 50

| | | പാഠം | പേജ് |
|---|---|---|---|
| 1. | എ.ഡി. 1054 | 16 | 87 |
| 2. | അപ്പോസ്തലന്മാരുടെ വിശ്വാസവും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്ന സഭ എന്നർത്ഥം | 24 | 129 |
| 3. | വില്യാർവട്ടം രാജകുടുംബം | 18 | 94 |
| 4. | 12 പുസ്തകങ്ങൾ | 2 | 19 |
| 5. | പത്രോസ് മാർ ഒസ്താത്തിയോസ് | 26 | 141 |
| 6. | കുസ്തന്തീനോപ്പോലീസ് | 23 | 123 |
| 7. | അലക്സാന്ത്രിയായിലെ മാർ കൂറിലോസ് | 21 | 110 |
| 8. | യഹോവ എന്റെ രക്ഷ | 1 | 14 |
| 9. | നെബുഖദ്നേസർ | 3 | 26 |
| 10. | ജൂൺ 29 | 76 | 46 |
| 11. | അൻവാറിയോസ് മാർ യൂലിയോസ് വ്യാപാരിയോട് | 25 | 135 |
| 12. | ശൗൽ ഉത്ഥിതനായ കർത്താവിനോട് | 6 | 40 |
| 13. | പത്രോസ് യഹൂദമതാനുഷ്ഠാനങ്ങളെക്കുറിച്ച് യെരുശലേം സുന്നഹദോസിൽ പങ്കെടുത്തവരോടു പറഞ്ഞു. | 10 | 58 |
| 14. | ഉത്ഥിതനായ യേശു മഗ്ദനല മറിയത്തോട് | 15 | 84 |
| 15. | മലങ്കര നസ്രാണികൾ റോമൻ കത്തോലിക്കരോട് OR മലങ്കര നസ്രാണികൾ എടുത്ത കൂനൻകുരിശു സത്യപ്രതിജ്ഞ | 19 | 100 |
| 16. | തെറ്റ് | 25 | 132 |
| 17. | ശരി | 22 | 118 |
| 18. | തെറ്റ് | 2 | 22 |
| 19. | ശരി | 11 | 63 |
| 20. | ശരി | 21 | 112 |
| 21. | ടോളമി രണ്ടാമൻ | 4 | 33 |
| 22. | യാമപ്രാർത്ഥനകൾ | 13 | 72 |
| 23. | മാർ അപ്രേം | 21 | 112 |
| 24. | ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് | 27 | 146 |
| 25. | പത്രോസ് മാർ ഒസ്താത്തിയോസ് | 26 | 138 |
| 26. | പൂനെ ബാലഗാം, സ്നേഹഭവൻ, ബാംഗ്ലൂർ ദയാഭവൻ | 27 | 148 |
| 27. | പത്രോസ് മാർ ഒസ്താത്തിയോസ് | 26 | 139 |
| 28. | ഇന്നസെന്റ് മൂന്നാമൻ പാപ്പ | 17 | 91 |
| 29. | ശീലാസ് | 8 | 48 |
| 30. | ഇരുപത്തിരണ്ടര നാഴിക | 14 | 79 |
| | or | 13 | 72 |

31. പാഠം 24; പേജ് 129
32. പാഠം 9; പേജ് 54
33. പാഠം 5; പേജ് 37
34. മുന്തിരിച്ചെടിയുടെ ഉപമ (യോഹ. 15:1-11) കടുകുമണി (മത്തായി 13:31) വിതയ്ക്കുന്നവന്റെ ഉപമ (മത്തായി 13:1-9) 28 152
35. ഒന്നിച്ച് പ്രാർത്ഥിക്കുക. ഒന്നിച്ചിരുന്നു സംസാരിക്കുക, ഒന്നിച്ച് ഭക്ഷിക്കുക 29 159
36. ആറാറു ചിറകുകൾ രണ്ടുകൊണ്ടു അവർ മുഖം മൂടി; രണ്ടുകൊണ്ടു കാൽ മൂടി; രണ്ടുകൊണ്ടു പറന്നു.
37. സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ പരിശുദ്ധൻ, പരിശുദ്ധൻ.
38. എനിക്ക് അയ്യോ കഷ്ടം; ... എന്നു പറഞ്ഞു.
39. സറാഫുകളിൽ ഒരുത്തൻ... എന്നു പറഞ്ഞു.
40. പ്രാർത്ഥന, പാഠം 24; പേജ് 127
41. ഗീതം, പാഠം 15, പേജ് 83

✧ ✧ ✧ ✧ ✧